(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പരമ്പരാഗത വ്യവസായങ്ങൾ

4 (*244) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വി. ജെ. പൗലോസ് :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ഓരോന്നിലും എത്ര പേർ വീതം തൊഴിൽ ചെയ്യുന്നുണ്ട് ;

(സി) പരമ്പരാഗത വ്യവസായങ്ങളെ പരിപോഷിപ്പിക്കാൻ ഗവൺമെന്റിനു എന്തെല്ലാം പദ്ധതികളുണ്ട് ;

(ഡി) ഇവ എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) കയർ, കൈത്തറി, കശുവണ്ടി, കരകൗശലം, ഓട്, മത്സ്യബന്ധനം, ഈറ്റ, ബീഡി എന്നിവയാണ് കേരളത്തിലെ പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായങ്ങൾ.

(ബി) ഓരോ മേഖലയിലും തൊഴിൽ ചെയ്യുന്നവരുടെ ഏകദേശം എണ്ണം ചുവടെ ചേർക്കുന്നു.

കൈത്തറിമേഖലയിൽ ഏകദേശം 175000 തൊഴിലാളികളും കയർ മേഖലയിൽ 4 ലക്ഷത്തോളംപേരും ബീഡി മേഖലയിൽ 49,365 പേരും കശുവണ്ടി മേഖലയിൽ 2,54,700 പേരും കരകൗശല വിഭാഗത്തിൽ 40,856 പേരും പണിയെടുക്കുന്നു. കൂടാതെ ബാംബൂ കോർപ്പറേഷന്റെ നിയന്ത്രണത്തിൽ വിവിധ കാറ്റഗറികളിലായി 1 ലക്ഷത്തോളം പേരും, കോർപ്പറേഷന്റെ നിയന്ത്രണത്തിലല്ലാത്ത തൊഴിലാളികളുടെ എണ്ണം ലഭ്യമല്ല. ഓട് വ്യവസായത്തിൽ പ്രത്യക്ഷമായും പരോക്ഷമായും ഒരു ലക്ഷത്തിലധികം ആൾക്കാരും പണിയെടുക്കുന്നു. മത്സ്യമേഖലയിലെ കണക്കുകൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

(സി) 1. കയർ വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കാൻ ഹൈദരാബാദിലെ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജിനെ ചുമതലപ്പെടുത്തി. കമ്പ്യൂട്ടർഎയ്ഡ്സ് ഡിസൈൻ സെന്റർ സ്ഥാപിക്കുന്നതിനും യന്ത്രവൽക്കൃത റാട്ടുകളിൽ പരിശീലനം നൽകുന്നതിനും ചകിരി ചോറിൽനിന്നും ഊർജ്ജ ഉൽപ്പാദനം, വളം എന്നിവ നിർമ്മിക്കുന്നതിനും കയർ മേഖലയിൽ ഗവേഷണം നടത്തി പുതിയ ഉൽപ്പന്നങ്ങൽ നിർമ്മിക്കുന്നതിനും മറ്റും

LIBRARY ARCHIVES Kerala Legislative Assembly

ധനസഹായം നൽകിവരുന്നു. കൈത്തറി മേഖലയിൽ ഓഹരി പങ്കാളിത്തം, പരിശീലന പരിപാടി, ഹാങ്ങ്കയാൺ സബ്സിഡി, മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള ദീൻദയാൽ കൈത്തറി വികസന പദ്ധതി, ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം, ഹെൽത്ത് പാക്കേജ് സ്കീം, ഹൗസ് കം വർക്ക് ഷെഡ് എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു.

കരകൗശല മേഖലയിൽ ബാബസാഹേബ് അംബേദ്ക്കർ ഹാത്ഷിപ്പ് വികാസ് യോജന, അർബൻഹാത്ത്, തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി, പരിശീലനം, ഹൗസ് കംവർക്ക് ഷെഡ്, ഓഹരി പങ്കാളിത്തം, അപ്പെക്സ് സ്ഥാപനങ്ങളുടെ വിപുലീകരണത്തിനുള്ള ഗ്രാന്റ് എന്നിവ നടപ്പാക്കിവരുന്നു.

കശുവണ്ടി മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, കശുമാവ് കൃഷി ആധുനീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലാളികളുടെ സംരക്ഷണത്തിനായി നാലരക്കോടി രൂപ സേഫ്റ്റി നെറ്റ് ഹെഡ്ഡിൽ തുക വകയിരുത്തി. കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ബാങ്കുകളുമായി ചർച്ച നടത്തുന്നു.

ഓട് മേഖലയിൽ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. കൂടാതെ ഡെവലപ്മെന്റ് ആന്റ് ഡെമോൺസ്ട്രേഷൻ ഓഫ് എൻവയോൺമെന്റ് ഫ്രണ്ട്ലി ടെക്നോളജീസ് ഇൻ കേരള ബിൽഡിംഗ് മെറ്റീരിയൽസ് സെക്ടർ എന്ന പദ്ധതിക്കായി തുക അനുവദിച്ചു.

ഈറ്റ/മുള മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള തുക അനുവദിക്കുകയും ഇത് ഘട്ടം ഘട്ടം ആയി കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനു നൽകാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതികൾ എല്ലാംതന്നെ ഇപ്പോൾ നടപ്പിലാക്കിവരികയാണ്.

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി

5 (*245) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ ക്ഷേമനിധി ബോർഡുകളാണ് ഭരണസമിതി നിലവിലില്ലാത്തതെന്ന് വ്യക്തമാക്കാമോ ;

(ബി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങളിൽ തൊഴിലാളികൾക്കുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിനും നടപടി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly